# ജി എച്ച് എസ് എസ് പേരശ്ശന്നൂർ .2021-22

## ഫസ്റ്റ്ബെൽ സഹായക പഠനസാമഗ്രി

## സാമൂഹ്യശാസ്ത്രം 10

### STUDY NOTES 10SS2 UNIT 1

1 .ഋതുഭേദങ്ങൾക്കുള്ള കാരണങ്ങൾ

- അയനമാറ്റം
- പരിക്രമണം
- അച്ചുതണ്ടിന്റെ സമാന്തരത
- അച്ചുതണ്ടിന്റെ ചരിവ്

2. അച്ചുതണ്ടിന്റെ സമാന്തരത

ഭൂമിയുടെ അച്ചുതണ്ടിന്റെ ചരിവ് പരിക്രമണതലത്തിൽ 661/2°
ഭൂമിയുടെ അച്ചുതണ്ടിന്റെ ചരിവ് ലംബ തലത്തിൽ 231/2°
ഭൂമിയുടെ പരിക്രമണ വേളയിൽ മുഴുവൻ ഭൂമി ഈ ചരിവ് നിലനിർത്തുന്നു

3 സൂര്യന്റെ അയനം

സൂര്യന്റെ ആപേക്ഷികസ്ഥാനം വടക്ക് 231/2° ഉത്തരായണരേഖയ്ക്കും തെക്ക് 231/2° ദക്ഷിണായനരേഖയ്ക്കും ഇടയിൽ മാറിക്കൊണ്ടിരിക്കുന്നു

4.സമരാത്രദിനങ്ങൾ (വിഷുവങ്ങൾ )
ഗ്രീഷ്മ അയനാന്തദിനം
ശൈത്യ അയനാന്തദിനം

| സമരാത്രദിനങ്ങൾ (വിഷുവങ്ങൾ ) | ഗ്രീഷ്മ അയനാന്തദിനം | ശൈത്യ അയനാന്തദിനം |
|---|---|---|
| ◆ സൂര്യൻ ഭൂമധ്യരേഖയ്ക്കു നേർമുകളിൽ<br>◆ മാർച്ച് 21<br>◆ സെപ്റ്റംബർ 23<br>◆ ഉത്തരാർധ ഗോളത്തിലും ദക്ഷിണാർദ്ധ ഗോളത്തിലും രാവും പകലും തുല്യം | ◆ ജൂൺ 21<br>◆ സൂര്യൻ ഉത്തരായനരേഖയ്ക്ക് നേർമുകളിൽ<br>◆ ഉത്തരാർധ ഗോളത്തിൽ ഏറ്റവും ദൈർഘ്യമേറിയ പകൽ ,ഹ്രസ്വമായ രാത്രി | ◆ ഡിസംബർ 22<br>◆ സൂര്യൻദക്ഷിണായനരേഖയ്ക്ക് നേർമുകളിൽ<br>◆ ഉത്തരാർധ ഗോളത്തിൽ ഏറ്റവും ഹ്രസ്വമായ പകൽ, ദൈർഘ്യമേറിയരാത്രി |

## 5.ഋതുക്കളും സവിശേഷതകളും

| | |
|---|---|
| വസന്തം | ◆ ശൈത്യത്തിൽ നിന്നും വേനലിലേക്കുള്ള മാറ്റത്തിന്റെ കാലം<br>◆ മാർച്ച്21 മുതൽ ജൂൺ 21 വരെ ഉത്തരാര്ധ ഗോളത്തിൽ വസന്തം<br>◆ സൂര്യന്റെ അയനംഭൂമധ്യരേഖയിൽ നിന്നും ഉത്തരായനരേഖയിലേക്ക്<br>◆ ദക്ഷിണാർദ്ധഗോളത്തിൽ ഹേമന്തം<br>◆ ചെടികൾ തളിർക്കുന്ന പൂക്കുന്ന കായ്ക്കുന്നകാലം |
| ഗ്രീഷ്മം | ◆ സൂര്യന്റെ അയനം ഉത്തരായനരേഖയിൽ നിന്നും ഭൂമധ്യരേഖയിലേക്ക് ജൂൺ 21 മുതൽ സെപ്റ്റംബർ 23 വരെ ഉത്തരാര്ധ ഗോളത്തിൽ ഗ്രീഷ്മം<br>◆ ദക്ഷിണാർദ്ധഗോളത്തിൽ ശൈത്യം<br>◆ സൂര്യന്റെ അയനം ഉത്തരായനരേഖയിൽ നിന്നും ഭൂമധ്യരേഖയിലേക്ക്<br>◆ വരൾച്ച<br>◆ ജലക്ഷാമം<br>◆ അന്തരീക്ഷ ഊഷ്മാവ് കൂടുന്നു |
| ഹേമന്തം | ◆ വേനലിൽ നിന്നും ശൈത്യത്തിലേക്കുള്ള മാറ്റത്തിന്റെ കാലം<br>◆ സെപ്റ്റംബർ 23 മുതൽ ഡിസംബർ 22 വരെ ഉത്തരാര്ധ ഗോളത്തിൽഹേമന്തം<br>◆ ദക്ഷിണാർദ്ധഗോളത്തിൽ വസന്തം<br>◆ സൂര്യന്റെ അയനംഭൂമധ്യരേഖയിൽ നിന്നുംദക്ഷിണായനരേഖയിലേക്ക്<br>◆ അന്തരീക്ഷ ഊഷ്മാവ് കുറയുന്നു<br>◆ പകൽ ദൈർഘ്യം കുറയുന്നു .രാത്രി കൂടുന്നു<br>◆ മരങ്ങൾ ഇലകൾ പൊഴിക്കുന്ന കാലം |
| ശൈത്യം | ◆ ഡിസംബർ 22 മുതൽമാർച്ച്21 വരെ ഉത്തരാര്ധ ഗോളത്തിൽ ശൈത്യം<br>◆ ദക്ഷിണാർദ്ധഗോളത്തിൽ ഗ്രീഷ്മം<br>◆ സൂര്യന്റെ അയനം ദക്ഷിണായനരേഖയിൽ നിന്നുംഭൂമധ്യരേഖയിലേക്ക്<br>◆ വരണ്ട കാലം |

| മാസങ്ങൾ | സൂര്യന്റെ അയനം | ഋതുക്കൾ | |
|---|---|---|---|
| | | ഉത്തരാർധ ഗോളം | ദക്ഷിണാർധ ഗോളം |
| മാർച്ച് 21 മുതൽ ജൂൺ 21 വരെ | ഭൂമധ്യരേഖയിൽനിന്ന് ഉത്തരായനരേഖയിലേക്ക് | വസന്തം | ഹേമന്തം |
| ജൂൺ 21 മുതൽ സെപ്തംബർ 23 വരെ | ഉത്തരായനരേഖയിൽനിന്ന് ഭൂമധ്യരേഖയിലേക്ക് | ഗ്രീഷ്മം | ശൈത്യം |
| സെപ്തംബർ 23 മുതൽ ഡിസംബർ 22 വരെ | ഭൂമധ്യരേഖയിൽനിന്ന് ദക്ഷിണായനരേഖയിലേക്ക് | ഹേമന്തം | വസന്തം |
| ഡിസംബർ 22 മുതൽ മാർച്ച് 21 വരെ | ദക്ഷിണായനരേഖയിൽനിന്ന് ഭൂമധ്യരേഖയിലേക്ക് | ശൈത്യം | ഗ്രീഷ്മം |

**6.ഉത്തരായനവും ദക്ഷിണായനവും**

**ഉത്തരായനം**

**ദക്ഷിണായനരേഖയിൽ നിന്നും ഉത്തരായനരേഖയിലേക്കുള്ള സൂര്യന്റെ അയനം**

**ഡിസംബർ 22 മുതൽജൂൺ 21 വരെ**

**ദക്ഷിണായനം**

**ഉത്തരായനരേഖയിൽ നിന്നും ദക്ഷിണായനരേഖയിലേക്കുള്ള സൂര്യന്റെ അയനം**

**ജൂൺ 21 മുതൽ ഡിസംബർ 22 വരെ**

**7.പ്രാദേശികസമയം**

**സൂര്യന്റെ ഉച്ചസ്ഥാനത്തെ ആധാരമാക്കി നിർണ്ണയിക്കുന്ന സമയം**

**ഉച്ചയ്ക്ക് 12 മണിയെന്ന കണക്കാക്കുന്നു .**

**8 ഭൂമിയുടെ ഭ്രമണവുമായി ബന്ധപ്പെട്ട വസ്തുതകൾ**

**ഭൂമിയുടെ ഭ്രമണം പടിഞ്ഞാറുനിന്നും കിഴക്കോട്ട് അതിനാൽ സൂര്യോദയം കിഴക്കുനിന്ന്**

**ഒരു ഭ്രമണത്തിന്റെ സമയം 24 മണിക്കൂർ**

**9.ഗ്രീനിച്ച് രേഖാംശം ,ഗ്രീനിച്ച് സമയം**

**പൂജ്യം ഡിഗ്രി രേഖാംശരേഖ ഗ്രീനിച്ച്രേഖ**

**ഗ്രീനിച്ച്രേഖയെ അടിസ്ഥാനമാക്കിയാണ് ലോകസമയം കണക്കാക്കുന്നത്**

**പ്രൈം മെറിഡിയൻ എന്നും ഈ രേഖയെ വിളിക്കുന്നു**

**ഗ്രീനിച് രേഖയിലെ പ്രാദേശികസമയം ഗ്രീനിച്ച് സമയം**

**24 സമയമേഖലകൾ**

**ഗ്രീനിച്ച്രേഖയ്ക്ക് കിഴക്കോട്ടു സമയക്കൂടുതലും പടിഞ്ഞാറോട്ട് സമയക്കുറവും അനുഭവപ്പെടുന്നു. ഒരു സമയമേഖലക്ക്15 ഡിഗ്രിക്ക് ഒരു മണിക്കൂർ വീതം .**

**10 സ്റ്റാൻഡേർഡ് രേഖാംശം ,(മേനക രേഖാംശം,),സ്റ്റാൻഡേർഡ് സമയം(മാനക സമയം )**

**ഒരു രാജ്യത്തിൻറെ ഏകദേശം മധ്യത്തിലൂടെ കടന്നു പോകുന്ന രേഖാംശരേഖ---മാനക രേഖാംശം**

**മാനകരേഖാംശത്തിലെ പ്രാദേശിക സമയം ---മാനകസമയം**

**11 ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം**

**ഇന്ത്യയുടെ രേഖാംശീയ വ്യാപ്തി പൂർവ രേഖാംശം 68 ഡിഗ്രി മുതൽ പൂർവ രേഖാംശം97 ഡിഗ്രി വരെ**

**ഇന്ത്യയുടെ മാനക രേഖാംശം 82 1/2 ഡിഗ്രി പൂർവ രേഖാംശം.**

**ഇന്ത്യയുടെ മാനകരേഖാംശത്തിലെ പ്രാദേശിക സമയംഇന്ത്യൻ സ്റ്റാൻഡേർഡ് സമയം**

ജി എച്ച് എസ് എസ് പേരശ്ശന്നൂർ .2021-22

ഫസ്റ്റ്ബെൽ സഹായക പഠനസാമഗ്രി

സാമൂഹ്യശാസ്ത്രം 10

**12.അന്താരാഷ്ട്ര ദിനാങ്കരേഖ**

180 ഡിഗ്രി രേഖാംശരേഖ.
കര ഒഴിവാക്കി ക്രമീകരിച്ചിരിക്കുന്നു
പസഫിക് സമുദ്രത്തിലെ ബെറിങ്ങിലൂടെ കടന്നു പോകുന്നു
ഈ രേഖ മുറിച്ചുകടന്ന് പടിഞ്ഞാറോട്ടു പോകുന്നവർ ഒരുദിവസം കൂട്ടിയും
കിഴക്കോട്ട് പോകുന്നവർ ഒരു ദിവസം കുറച്ചും സമയം കണക്കാക്കുന്നു

**13.ഇന്ത്യൻ സമയവും  സമയവും തമ്മിലുള്ള വ്യത്യാസം**

ഇന്ത്യൻ സമയം ഗ്രീനിച്ച് സമയത്തേക്കാൾ അഞ്ചര മണിക്കൂർ മുന്നിൽ .ഉദാഹരണം
ഗ്രീനിച്ച് സമയം തിങ്കൾ 8am ആണെങ്കിൽ ഇന്ത്യൻ സമയം തിങ്കൾ
1.30pm ആയിരിക്കും .
ഗ്രീനിച്ച് സമയം തിങ്കൾ 8pm ആണെങ്കിൽ ഇന്ത്യൻ സമയം  ചൊവ്വ
1.30am ആയിരിക്കും .

LAILA N NADUTHODIYIL
GHSS PERASSANNUR
TIRUR EDUCATIONAL DISTRICT